ആവശ്യമായ ഫണ്ട് 2-2-2000-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി ജില്ലാ ലേബർ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് ഗഡു പെൻഷൻ നൽകുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

65 (1732) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മലപ്പുറം ഓഫീസിൽ 30-11-1999 വരെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ റിട്ടയർമെന്റ് ആനുകൂല്യത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) അതിൽ എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ക്ഷേമനിധി അംഗങ്ങളുടെ മക്കളുടെ വിവാഹത്തിനും വിദഗ്ദ്ധ ചികിൽസാ സഹായത്തിനും എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിൽ എത്ര അപേക്ഷകളിൻമേൽ തീരുമാനമെടുത്തു എന്ന് വെളിപ്പെടുത്താമോ ;

(എഫ്) ശേഷിക്കുന്ന അപേക്ഷകളിന്മേൽ അടിയന്തിരമായി തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1,08,930 തൊഴിലാളികൾ.

(ബി) 2,417

(സി) 698

(ഡി) ക്ഷേമനിധി അംഗങ്ങളുടെ മക്കളുടെ വിവാഹ ധനസഹായത്തിനുള്ള 573 അപേക്ഷകളും ചികിൽസാ സഹായത്തിനുള്ള 63 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ഇ) വിവാഹാനുകൂല്യത്തിനുള്ള 75 അപേക്ഷകളിലും ചികിൽസാ സഹായത്തിനുള്ള 15 അപേക്ഷകളിലും തീരുമാനമെടുത്തു.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി പെൻഷൻ

66 (1733) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കർഷകത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) അപേക്ഷ സ്വീകരിക്കുന്നതും പെൻഷൻ അനുവദിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആണെങ്കിലും കൃത്യമായി പെൻഷൻ നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കാരണം വ്യക്തമാക്കാമോ ; അർഹതയുള്ളവർക്ക് അടിയന്തിരമായി പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അപേക്ഷകന് അപേക്ഷാ തീയതിയിൽ 60 വയസ് പൂർത്തിയായിരിക്കണം. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 11,000 രൂപയിൽ താഴെയായിരിക്കണം. പത്തുവർഷക്കാലമെങ്കിലും തുടർച്ചയായി കേരള സംസ്ഥാനത്ത് താമസിക്കുന്ന കർഷകത്തൊഴിലാളിയായിരിക്കണം.

(ബി&സി) കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 30-06-1999 വരെ കർഷകത്തൊഴിലാളി പെൻഷന് അർഹത നേടിയ എല്ലാപേർക്കും പെൻഷൻ നൽകുന്നതിനാവശ്യമായ ഫണ്ട് 2-2-2000-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി ജില്ലാ ലേബർ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 2 ഗഡു പെൻഷൻ നൽകുന്നതിനാവശ്യമായ ഫണ്ടു ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

67 (1734) ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു. എസ്. ശശി :
ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികൾക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ക്ഷാമബത്ത കണക്കാക്കുന്ന അടിസ്ഥാന വർഷം ഏതാണ് ;

(ബി) ഈ അടിസ്ഥാന വർഷം 1982, 1992 എന്നീ വർഷങ്ങളിലേക്ക് മാറ്റി തൊഴിലാളികളുടെ ക്ഷാമബത്ത നിശ്ചയിക്കുവാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സ്ത്രീ തൊഴിലാളികൾക്ക് നിലവിലുള്ള പ്രസവാനുകൂല്യം സർക്കാർ ജീവനക്കാരായ സ്ത്രീകൾക്ക് തുല്യമാക്കുവാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഈ ആനുകൂല്യം എപ്പോൾ മുതൽ പ്രാബല്യത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly